**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 899** **06-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക സർവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ടി. വി. ഇബ്രാഹിം** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെയും, മറ്റ് പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരുടെയും സാമൂഹിക, സാമ്പത്തിക,ഔദ്യോഗിക ജീവിത നിലവാരം സംബന്ധിച്ച സ്ഥിതിവിവരം വിലയിരുത്തുന്നതിന് എന്തെങ്കിലും കണക്കെടുപ്പോ, പഠനമോ ഈ അടുത്ത കാലത്ത് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (എ) | കേരളത്തിലെ പട്ടികജാതി - പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരുടെയും സാമൂഹിക, സാമ്പത്തിക, ഔദ്യോഗിക ജീവിത നിലവാരം സംബന്ധിച്ച സ്ഥിതിവിവരം വിലയിരുത്തുന്നതിന് കണക്കെടുപ്പോ പഠനമോ ഈ അടുത്ത കാലത്ത് നടത്തിയിട്ടില്ല. എന്നാൽ പട്ടികജാതി ജനതയുടെ വിദ്യാഭ്യാസ സാമ്പത്തിക, സാമൂഹിക വികസനത്തിനായുള്ള സമഗ്ര സർവ്വേ നടത്തി ഡാറ്റാബേസ് അപ്ഡേറ്റ് ചെയ്യുന്നതിനായി ഡിജിറ്റൽ സർവ്വേ നടത്തുവാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്<br><br>കേരളത്തിലെ പട്ടികവർഗ്ഗ ജനതയുടെ ജീവിത സ്ഥിതിവിവരം വിലയിരുത്തുന്നതിനായി ആരംഭിച്ച വിവരശേഖരണം പൂർത്തിയാക്കിയിട്ടുണ്ട്. ലഭ്യമായ വിവരങ്ങളുടെ വാലിഡേഷൻ പൂർത്തിയാക്കുന്ന മുറയ്ക്ക് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ